# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2774 — 12.03.2015 ൽ മറുപടിയ്ക്ക്

## സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് പ്രവേശനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.സി.രവീന്ദ്രനാഥ്<br>ശ്രീ.ജി.സുധാകരൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് പ്രവേശനത്തിന് എൻട്രൻസ് പരീക്ഷയിൽ മിനിമം മാർക്ക് ലഭിക്കണമെന്ന വ്യവസ്ഥയിൽ ഇളവ് വരുത്തുന്നതിന് തീരുമാനിക്കാനിടയായ സാഹചര്യം വ്യക്തമാക്കുമോ; ഇതിനെതിരെ പ്രക്ഷോഭങ്ങൾ ഉയർന്നുവരുകയുണ്ടായോ; ഇതേ തുടർന്ന് തീരുമാനം തിരുത്തുകയുണ്ടായോ; നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാം; | എ) എഞ്ചിനീയറിംഗ് പ്രവേശനത്തിന് എൻട്രൻസ് പരീക്ഷയിലെ മിനിമം മാർക്ക് വ്യവസ്ഥ ഒഴിവാക്കിക്കൊണ്ടാണ് KEAM-2015 പ്രോസ്പെക്ടസ് തയ്യാറാക്കിയിരുന്നത്. എന്നാൽ 19.01.2015 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്സ്)15/2015/ഉ.വി.വ. പ്രകാരം എഞ്ചിനീയറിംഗ്/ മെഡിക്കൽ പ്രവേശന പരീക്ഷകളിൽ യോഗ്യത നേടുന്നതിന് ഒരു പരീക്ഷാർത്ഥി അതത് പ്രവേശന പരീക്ഷകളുടെ രണ്ട് പേപ്പറുകളിലും (പേപ്പർ 1 ഉം പേപ്പർ 2 ഉം) മിനിമം 10 മാർക്ക് വീതം നേടിയിരിക്കണം എന്ന വ്യവസ്ഥ പുനഃസ്ഥാപിച്ചു. 10 മാർക്കിൽ താഴെ നേടുന്നതവരെ അയോഗ്യരായി കണക്കാക്കും. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് എഞ്ചിനീയറിംഗ് / മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷകളിൽ മിനിമം മാർക്ക് നിഷ്കർഷിച്ചിട്ടില്ല. |
| ബി) ഇളവ് വരുത്തിയ തീരുമാനത്തിലെത്തുന്നതിന് മുമ്പ് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തുകയോ റിപ്പോർട്ട് ലഭിക്കുകയോ ചെയ്തിട്ടുണ്ടായിരുന്നുവോ; എങ്കിൽ വിശദമാക്കുമോ; | ബി) പ്രസ്തുത വിഷയത്തിൽ പഠനം നടത്തിയിട്ടില്ല. |

| | |
|---|---|
| സി) കോളേജ് മാനേജ്മെന്റുകളുടെ ശക്തമായ സമ്മർദ്ദത്തിന്റെയടിസ്ഥാനം എന്തായിരുന്നു; ഈ മേഖലയിൽ എത്ര എഞ്ചിനീയറിംഗ് സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്; | സി) സമ്മർദ്ദം ഉണ്ടായിട്ടില്ല. 2014-15 അദ്ധ്യയന വർഷം അലോട്ട്മെന്റിന് ലഭ്യമായിരുന്ന 24676 സീറ്റുകളിൽ 11448 സീറ്റുകൾ ആവശ്യമായ ഓപ്ഷനുകൾ ലഭ്യമല്ലാതിരുന്നതിനാൽ ഒഴിഞ്ഞുകിടന്നു. |
| ഡി) മിനിമം മാർക്കോടെ പ്രവേശനം നടത്തിയ കോളേജുകളുടെ നിലവാരത്തകർച്ചയും ശുഷ്കമായ വിജയ ശതമാനവും പരിഗണിക്കാതിരുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | ഡി) നിശ്ചിത വിജയശതമാനം ഇല്ലാത്ത എഞ്ചിനീയറിംഗ് കോളേജുകളിന്മേൽ നടപടികൾ സ്വീകരിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്. |
| ഇ) അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാത്ത ഇത്തരം കോളേജുകളിൽ ഒഴിഞ്ഞു കിടക്കുന്ന സീറ്റുകളിൽ വിദ്യാർത്ഥികളെ എത്തിക്കുന്നതിനുള്ള തന്ത്രപരമായ നീക്കമായിരുന്നു ഇതെന്ന എന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? | ഇ) ഇല്ല. |

സെക്ഷൻ ഓഫീസർ